**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2395** **13-09-2023 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് ഹോമിയോ ആശുപത്രിയിൽ ജീവനക്കാരെ നിയമിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിൽ എത്ര ഹോമിയോ ഡിസ്പെൻസറികളാണ് നിലവിലുള്ളത്; അവയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 7സ്ഥാപനങ്ങളുണ്ട്.<br>1. ജി.എച്ച്.ഡി അഗളി<br>2. ജി.എച്ച്.ഡി ചിണ്ടക്കി<br>3.ജി.എച്ച്.ഡി.കോട്ടോപ്പാടം<br>4. ജി.എച്ച്.ഡി പുതൂർ<br>5. ജി.എച്ച്.ഡി ഷോളയൂർ<br>6. എ പി എച്ച് സി അലനല്ലൂർ,<br>7. എ പി എച്ച് സി തേങ്ങര |
| (ബി) | പ്രസ്തുത ഹോമിയോ ഡിസ്പെൻസറികളിൽ മതിയായ ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാറ്റഗറിയിലുള്ള ജീവനക്കാരുടെ അഭാവമാണ് ഓരോ ഇടങ്ങളിലും ഉള്ളത് എന്നതിന്റെ വിശദാംശം നൽകുമോ; മതിയായ ജീവനക്കാരെ അടിയന്തരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | അനുവദനീയമായ തസ്തികകളിൽ ജീവനക്കാർ ജോലി ചെയ്തു വരുന്നു. |
| (സി) | പ്രസ്തുത ഹോമിയോ ഡിസ്പെൻസറികളിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | പ്രസ്തുത ഹോമിയോ ഡിസ്പെൻസറികളിൽ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ആദിവാസി മേഖലയായ അട്ടപ്പാടിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ഒരു ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരണം നൽകുമോ? | (ഡി) | ആദിവാസി മേഖലയായ അട്ടപ്പാടിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ഹോമിയോപ്പതി ചികിത്സ അടക്കം 50 കിടക്കകളുള്ള Integrated Ayush Hospital NAM പദ്ധതി മുഖേന ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ